പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്

(ഹാജർ: ജീവൻബാബു.കെ, ഐ.എ.എസ്)

വിഷയം: പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം- പ്രധാനാധ്യാപകർ (താൽക്കാലികം) സ്ഥാനക്കയറ്റം പരിത്യജിക്കൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. ജി.ഒ.(പി.) നം 39/91/പി&എ ആർ ഡി തീയതി. 07.12.1991.

2. ഈ കാര്യാലയത്തിലെ 01.08.2022 തീയതിയിലെ ഡി5/10100/2022/ഡി.ജി.ഇ നം. സ്ഥാനക്കയറ്റ ഉത്തരവ്.

3. ശ്രീമതി. സാഗി ഐസക് ഈ കാര്യാലയത്തിൽ ലഭ്യമാക്കിയ 10.08.2022 ലെ നിർദ്ദിഷ്ട മാതൃകയിലുള്ള പരിത്യജന അപേക്ഷ.

ഉത്തരവ് നമ്പർ ഡി5/10100/2022/ഡി.ജി.ഇ തീയതി: 24/08/2022

പരാമർശം (2) ഉത്തരവിൻ പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകി ജഗതി സർക്കാർ അന്ധവിദ്യാലയത്തിൽ പ്രധാനാധ്യാപിക തസ്തികയിൽ നിയമിച്ചിരുന്ന ശ്രീമതി. സാഗി ഐസക് ന്റെ സ്ഥാനക്കയറ്റം താൽക്കാലികമായി പരിത്യജിക്കുന്നതിനുവേണ്ടി നിർദ്ദിഷ്ട മാതൃകയിലുള്ള വ്യവസ്ഥാപിത പരിത്യജനപത്രം പരാമർശം(3) പ്രകാരം തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ മേലൊപ്പ് ചാർത്തി ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി അദ്ധ്യാപിക സമർപ്പിച്ച താൽക്കാലിക പരിത്യജനപത്രം കെ എസ് & എസ് എസ് ആർ പാർട്ട് II ചട്ടം 38 പ്രകാരം അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്ഥാനക്കയറ്റം പരിത്യജിക്കൽ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ടി ഉത്തരവ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ് (www.education.kerala.gov.in/dpi announcements) സ്ഥാപന മേധാവിക്ക് ഡയറക്ടറേറ്റിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

ക്രമ നം.	പേര്/തസ്തിക സ്കൂളിന്റെ പേര് (പ്രമോഷൻ ഉത്തരവ് പ്രകാരം)	ജനന തീയതി	സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്ഥാപനം	സ്ഥാനക്കയറ്റം പരിത്യജിച്ച കാലയളവ്	റിമാർക്സ്
1	Smt. Sagi Isaac, Govt.School for Blind , Thrissur, Kunnamkulam	15.07.1969	Govt. School for the Blind Jagathy, TVPM	10/08/2022 to 09/08/2023	Temperory One Years

(ഒപ്പ്)
ജീവൻ ബാബു കെ, ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, കേരളം
തിരുവനന്തപുരം

// അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്:

1. ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകൻ (മേൽ വിവരം ബന്ധപ്പെട്ട അദ്ധ്യാപകരുടെ സേവന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്)
2. വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശ്ശൂർ, തിരുവനന്തപുരം (ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകർ/ പ്രിൻസിപ്പാൾമാർക്ക് ഈ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്)
3. സി.ഇ.ഒ കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.